ശ്രീ. രാജു എബ്രഹാം : സർ, ഞാൻ ചോദ്യം ചോദിച്ചില്ല. എനിക്ക് മൈക്ക് തന്നില്ല. എന്റെ ചോദ്യം, കണ്ടൽക്കാടുകളും ചതുപ്പുകളും പാടശേഖരങ്ങളും സംരക്ഷിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ നമുക്ക് അച്ചടിച്ച് തന്നിരിക്കുന്ന ലാൻഡ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിൽ പാടശേഖരങ്ങൾ മണ്ണിട്ട് നികത്താനുള്ള നിയമം ഉണ്ടാക്കുമെന്ന് സൂചിപ്പിച്ചിരിക്കുകയാണ്. വളരെ പ്രസക്തമായ ഒരു ചോദ്യമാണ്.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. രാജു എബ്രഹാം : ഇത് വളരെ ഗൗരവമുള്ള ഒരു ചോദ്യമാണ്.

മി. സ്പീക്കർ : എല്ലാവരും ഗൗരവമുള്ള ചോദ്യമാണ് ചോദിക്കുന്നത്. ഒരു ചോദ്യം ചോദിക്കാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : തീരപ്രദേശത്തെ ഉപ്പുവെള്ളം സംസ്ക്കരിച്ച് ശുദ്ധജലമാക്കുന്ന പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിലാണ് ആദ്യത്തെ ഉപ്പുവെള്ള സംസ്ക്കരണ പ്ലാന്റുള്ളത്. 10 ലക്ഷം രൂപ മുടക്കി പ്ലാന്റുണ്ടാക്കി ഒരു ദിവസം 20,000 ലിറ്റർ വെള്ളം അവിടെ ശുദ്ധീകരിക്കുന്നുണ്ട്. 500 രൂപയാണ് ചെലവ്. അങ്ങനെയുള്ള പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് വാട്ടർ അതോറിറ്റി കുറച്ചുകൂടി ഗൗരവമായിട്ട് ആലോചിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ മറ്റൊരു ചോദ്യത്തിന് മറുപടിയായിട്ട് ഇത് പറഞ്ഞു. എനിക്ക് കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് കൂടുതൽ പണം നമ്മൾ ഇക്കാര്യത്തിൽ മുടക്കേണ്ടി വരും. അദ്ദേഹം പറഞ്ഞു, ഉപ്പുവെള്ളം ശുദ്ധീകരിക്കുന്നതിന് വേണ്ടി 10 ലക്ഷം രൂപ മുടക്കി 20,000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാനുള്ള ക്രമീകരണം അവിടെ ചെയ്തുവെന്ന്. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ഒന്നുകൂടി പരിശോധിക്കാം.

മി. സ്പീക്കർ : ചോദ്യം നമ്പർ 329

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന്
വൈദ്യുതി ബോർഡിന് ധനസഹായം

2 (*329) ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം ഇത്രയധികം വർദ്ധിക്കുവാനുള്ള കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വൈദ്യുതി ബോർഡുകൾക്ക് ധനസഹായം നൽകുവാൻ ആക്സിലറേറ്റഡ് പവ്വർ ഡെവലപ്മെൻറ് ആന്റ് റിഫോംസ് പ്രോഗ്രാം പ്രകാരം എന്തു തുകയാണ് കേന്ദ്ര ഗവൺമെന്റോ കേന്ദ്ര ഏജൻസികളോ 2002-03-ലേക്ക് നീക്കിവച്ചിരിക്കുന്നത് ;

(സി) പ്രസ്തുത പ്രോഗ്രാമിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു ;

(ഡി) പ്രസ്തുത വർഷം സംസ്ഥാന വൈദ്യുതി ബോർഡ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ എന്തു തുക ചെലവഴിച്ചു ;

(ഇ) പ്രസ്തുത വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിന് എന്തു ധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) യഥാർത്ഥത്തിൽ പ്രസരണ-വിതരണ നഷ്ടം ഈയിടെ കൂടിയിട്ടില്ല. 2001-02-ലെ യഥാർത്ഥ പ്രസരണ-വിതരണ നഷ്ടമായ 32.20 ശതമാനത്തിൽ നിന്ന് 2002-03-ൽ 29.99 ശതമാനമായി കുറയുകയാണ് ഉണ്ടായത്. 2000-01-നും അതിന് മുൻപും പ്രസരണ വിതരണ നഷ്ടം 20 ശതമാനം മുതൽ താഴോട്ട് 17.2 ശതമാനം വരെയായി കാണിച്ചത് എൽ.റ്റി. ഉപഭോക്താക്കളുടെ ഉപഭോഗം കണക്റ്റഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സാങ്കൽപ്പികമായി നിശ്ചയിച്ചാണ്. യഥാർത്ഥ എൽ.റ്റി. ഉപഭോഗം എത്രയെന്നുള്ള കണക്ക് ലഭ്യമായിരുന്നില്ല. മേൽപ്രകാരം പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത് ശരിയല്ലെന്ന് 31-3-1996-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ സംബന്ധിച്ച റിപ്പോർട്ടിൽ സി ആന്റ് എ.ജി.യും 1-7-2002-ലെ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്പോൾ യഥാർത്ഥ കണക്കുകൾ അനുസരിച്ചാണ് കണക്കുകൾ തയ്യാറാക്കുന്നത്. പ്രസരണ വിതരണ നഷ്ടം 30 ശതമാനത്തോളം ആകാനുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജലവൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളും ലോഡ് സെന്ററുകളും തമ്മിലുള്ള അകലം.
2. നിലവിലുള്ള ഹൈവോൾട്ടേജ്, ലോ വോൾട്ടേജ് ലൈനുകളുടെ അനുപാതം
3. ട്രാൻസ്ഫോർമറുകളുടെ ഓവർലോഡിംഗ്.
4. കേടായ എനർജി മീറ്ററുകൾ
5. വൈദ്യുതി മോഷണം.

(ബി) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം പ്രകാരം 2002-03 വർഷത്തിൽ ആകെ 661.645 കോടി രൂപയാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് നീക്കിവച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമയബന്ധിതമായി താഴെ പറയുന്ന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുൻഗണന നൽകുന്നത്.

1. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്ഥാപിച്ച് താരിഫ് നിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിക്കുക.
2. പ്രത്യേക ലാഭകേന്ദ്രങ്ങൾ സ്ഥാപിക്കുക, ഉൽപ്പാദന, പ്രസരണ-വിതരണ മേഖലകളാക്കി പുനർവിന്യസിക്കുക മുതലായവ വഴി വൈദ്യുതി മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
3. 100 ശതമാനം മീറ്ററിംഗ് നടപ്പിലാക്കുക.
4. ഉയർന്ന നിലവാരത്തിലുള്ള കാര്യക്ഷമതയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുക.

(ഡി) പ്രസ്തുത വർഷം (2002-03) എ.പി.ഡി.ആർ.പി. പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് 19.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസരണ വിഭാഗത്തിലെ പദ്ധതികൾക്ക് 141.40 കോടി രൂപയും ചെലവഴിച്ചു.

(ഇ) ഈ പദ്ധതി പ്രകാരം 2002-03 വർഷത്തിൽ ആകെ 30.43 കോടി രൂപ. (15.215 കോടി രൂപ ഗ്രാന്റായും 15.215 കോടി രൂപ മൃദു വായ്പയായും) സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ പ്രസരണ വിതരണ നഷ്ടത്തിന് ഇടയാക്കുന്ന ഒരു കാരണം ഹൈ വോൾട്ടേജ് ലോ വോൾട്ടേജ് അനുപാതമാണെന്ന് പറയുകയുണ്ടായി. അത് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്ന് എടുക്കുന്നതെന്ന് വ്യക്തമാക്കാമോ ? ഹൈ വോൾട്ടേജ് ലോ വോൾട്ടേജ് അനുപാതം മാറ്റുന്നതിനുള്ള എന്തെല്ലാം നടപടികൾ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ബോർഡ് എടുക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : സർ, എ.പി.ഡി.ആർ.പി. സ്ക്കീമിൽ ഹൈ വോൾട്ടേജ് ലോ വോൾട്ടേജ് എന്നു പറയുന്നത് 1:1 എന്നാണ് ചട്ടം. കേരളത്തിൽ 1:6-ഉം അതിനു മുകളിലുമാണ്. അന്തരം കുറയ്ക്കുന്നതിന് കഴിയുന്നത്ര ഹൈവോൾട്ടേജ് ലൈനുകൾ കെട്ടിക്കൊണ്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നതിന് ആയിരക്കണക്കിന് കോടി രൂപയുടെ ആവശ്യം വരും. എന്തായാലും ചെയ്തു കൊണ്ടിരിക്കുന്നു.

ശ്രീ. പി. ജെ. ജോയി : സർ, ഈ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും നമ്മുടെ സബ് സ്റ്റേഷൻ ട്രാൻസ്ഫോർമറുകളൊക്കെ കൂടുതലായി സ്ഥാപിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ : പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനുള്ള ഒരു മാർഗ്ഗമാണത്. പ്രത്യേക ചോദ്യമില്ലാതെ കൃത്യമായി കണക്ക് പറയാൻ കഴിയുകയില്ല. പക്ഷേ കഴിഞ്ഞ വർഷം തന്നെ ഒരു പതിനേഴെണ്ണം ഞാൻ ഉദ്ഘാടനം ചെയ്തു. ധാരാളം സബ് സ്റ്റേഷനുകൾ, 110 കെ.വി. ലൈൻസ്, അതിപ്പോൾ കണക്കുകൾ കൃത്യമായി പരിശോധിക്കാതെ പറയാനൊക്കുന്ന കാര്യമേയല്ല.

ശ്രീമതി മാലേത്ത് സരളാദേവി : സർ, പ്രസരണ വിതരണ നഷ്ടത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപ്പോൾ നിത്യേന കണ്ടു വരുന്ന ഒരു കാര്യത്തെപ്പറ്റി വിശദമായ ഒരു ശ്രദ്ധ കാണിച്ചതായി എനിക്ക് തോന്നിയില്ല. ട്രാൻസ്മിഷൻ ലൈനുകൾ വളരെ താഴ്ത്തി വലിക്കുന്നതുമൂലം മരക്കൊമ്പിലും മറ്റും തട്ടി ഒരുപാട് വൈദ്യുതി നഷ്ടപ്പെടുകയും ഭീമമായ അപകടം ഉണ്ടാകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം മൂഴിയാർ പവർ ഹൗസിനു സമീപം അഞ്ച് കാട്ടാനകൾ താണുകിടന്ന വൈദ്യുത ലൈനിൽത്തട്ടി മരിക്കാനിടയായി. എന്റെ നിയോജകമണ്ഡലത്തിൽ, കുളനടയിൽ ഒരു വൈദ്യുത ലൈൻ താണുകിടന്ന് ഒരു വീട് ഭാഗികമായി എരിഞ്ഞുപോകാൻ ഇടയായി. ഇങ്ങനെ വളരെയധികം നഷ്ടം സംഭവിക്കുമ്പോൾ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടത്തിൽ കേരളം എത്രാം സ്ഥാനത്താണ് ? അതുപോലെ ഈ നഷ്ടം കുറയ്ക്കാൻ ഗവൺമെന്റ് എന്തെല്ലാം സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ലൈനുകൾ ഞാന്നു കിടക്കുന്ന ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ശ്രദ്ധയിൽപ്പെടുത്തുമ്പോൾ നേരെയാക്കിയിട്ടുമുണ്ട്. പിന്നെ ഇവിടെ കൂടുതലാണെന്നു പറയുന്നതിൽ കാര്യമില്ല. 2001-2002-ൽ ഇൻഡ്യയിലെ ആവറേജ് 27.8 ആണ്. നമ്മുടേത് ഇപ്പോൾ മുപ്പതിനു താഴെയാണ്. ഇരുപത്തിയൊമ്പതെ പോയിന്റ് സംതിങ് ആണെന്ന് ഞാൻ നേരത്തേ വായിച്ചു. അതുകൊണ്ട് ഇത് വളരെ കൂടുതലാണെന്നു പറയാൻ നിവൃത്തിയില്ല. നമ്മെക്കാളും വളരെ കൂടുതലുള്ള ആസ്സാമിൽ ഇപ്പോൾത്തന്നെ 30.70 ആണ്. ബീഹാറിൽ 45 ആണ്. ഗുജറാത്തിൽ 33 ആണ്. ഹിമാചൽ പ്രദേശിൽ 46 ആണ്. അങ്ങനെ പലതും ഇവിടെയുണ്ട്. നമ്മുടേത് ആവറേജാണ്. എന്നാലും വരുന്ന വർഷംതന്നെ രണ്ടു ശതമാനം കുറയ്ക്കും എന്നുള്ളതാണ് നമ്മുടെ നടപടി. 28 ശതമാനത്തിൽ എത്തുന്നതിനാണ് നമ്മൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീമതി മാലേത്ത് സരളാദേവി : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ആർ.ഇ.സി., പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ എത്രമാത്രം ധനസഹായം ചെയ്തിട്ടുണ്ട് ?. അതുണ്ടെങ്കിൽ അത് വകമാറ്റി ചെലവഴിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കടവൂർ ശിവദാസൻ : എ.പി.ഡി.ആർ.പി. സ്ക്കീമിൽ തന്നിട്ടുള്ള പണമാണ് ഈ പറഞ്ഞത്. ഇതുവരെ മുപ്പതു കോടി രൂപ തന്നിട്ടുണ്ട്. അത് വല്ലതായിട്ടൊന്നും വകമാറി ചെലവഴിച്ചിട്ടില്ല. മിക്കവാറും ഇതിനുവേണ്ടിത്തന്നെയാണ് ചെലവഴിച്ചിട്ടുള്ളത്. അതിന്റെ ടെൻഡറുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

കുറെയൊക്കെ മേടിച്ചിട്ടുണ്ട്. ഇപ്പോൾ കിട്ടിയ മീറ്ററുകളിൽത്തന്നെ എണ്ണായിരത്തിൽ ചിലാനം മാറ്റിവച്ചിട്ടുണ്ട്. വകമാറിയൊന്നും കാര്യമായി ചെലവാക്കിയിട്ടില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടു വന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സന്തോഷം,അഭിനന്ദനം. ഇനിയും കുറയ്ക്കേണ്ടതായിട്ടുണ്ട്. കുറയ്ക്കുന്ന പദ്ധതിക്ക് ഗ്രാന്റായും ലോണായും 30.43 കോടി രൂപ ലഭിച്ചതായി അങ്ങ് പറഞ്ഞു. ഇത് യഥാവിധി വിനിയോഗിക്കുവാൻ കഴിഞ്ഞുവോ ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ? ഈ പണം ഈ പദ്ധതിക്ക് പര്യാപ്തമാണോ ? വിശദീകരിക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ : സർ, ആ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതു പോലെ എ.പി.ഡി.ആർ.പി സ്ക്കീം രണ്ടുതരത്തിലാണ് വരുന്നത്. ഒന്ന്, നമ്മുടെ ജില്ലകളിൽ അവരുടെ കണക്കനുസരിച്ച് പിന്നോക്കം നില്ക്കുന്ന ജില്ലകൾ നോക്കി മൂന്നെണ്ണത്തിന് തന്നിട്ടുണ്ട്. നമ്മുടെ 181 കോടിരൂപയുടെ പ്രോജക്ട് അവർ അംഗീകരിച്ചിട്ടുണ്ട്. അതിൽ മുപ്പതുകോടി തന്നു. ഇനി ഇപ്പോൾ ചെലവാക്കിയാൽ ഈ കൊല്ലമാണ് ഏറ്റവും കൂടുതൽ പണം കിട്ടുവാൻ പോകുന്നത്. അതുപോലെ ഏഴ് ടൗൺ പ്രോജക്ടുകളുണ്ട്. അതും അവരുടെ ഒരു മാനദണ്ഡമനുസരിച്ച് അവർ തന്നിട്ടുള്ളതാണ്. അതിനും 181 കോടി രൂപയുടെ നമ്മുടെ പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. ഈ പണം തന്നു തുടങ്ങുന്നതിനനുസരിച്ച് ഇതെല്ലാം ചെയ്യുന്നതിനു വേണ്ടീട്ടുള്ള ഡീറ്റെയിൽഡ് ആയിട്ടുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് പത്തനംതിട്ട 48,257, മഞ്ചേരി 28506, കാസർകോട് 4,931 അങ്ങനെ ടോട്ടൽ 81,694 മീറ്ററുകൾ ഇതിനകംതന്നെ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ത്രീഫേസ് ലൈനുകൾ. നാല് ത്രീ ഫേസ് ലൈനുകൾ, ത്രീ ഫേസ് മീറ്ററുകൾ 4,735 മാറ്റിയിട്ടുണ്ട്. കണ്ടക്ടർ ലൈൻ 2,366 കിലോ മീറ്റർ ഇവിടെ വലിച്ചിട്ടുണ്ട്. 3,650 പോൾസ് വാങ്ങിയിട്ടുണ്ട്. അതൊക്കെയാണ് മുപ്പതു കോടിരൂപയ്ക്കകത്തു വരുന്ന ചെലവുകൾ. എന്നാൽ ഇതിന് രണ്ടിനുംകൂടി കൂടുതൽ പദ്ധതികൾ അവർ അംഗീകരിച്ചിട്ടുണ്ട്. അത് ചെയ്തു കഴിഞ്ഞേ അവർ റി-ഇംബേഴ്സ് ചെയ്യുകയുള്ളൂ. സബ് ലോൺ ആയിട്ടും ഗ്രാന്റ് ആയിട്ടുമൊക്കെ ഇത് മേടിക്കുവാൻ കഴിയും. അതിനുള്ള ഒരു പദ്ധതിതന്നെ ആസൂത്രണം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്നും അതിന് ആയിരക്കണക്കിന് കോടി രൂപ ചെലവു വരുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ പ്രോഗ്രാമിന് ധനസഹായം ലഭിക്കുന്നതിന് ഏതാനും നിബന്ധനകൾ സമയബന്ധിതമായി ചെയ്യേണ്ടതുണ്ട്. അതിന് ഉയർന്ന നിലവാരത്തിലുള്ള കാര്യക്ഷമതയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുക എന്നുള്ളത് പ്രധാന ഇനമാണ്. അതിനുവേണ്ടി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ : സർ, പ്രധാനമായും ഇതിന് ഇപ്പോൾ പണം കിട്ടുന്നത് എ.പി.ഡി.ആർ.പി. സ്ക്കീമനുസരിച്ചാണ്. മൂന്നു ജില്ലകളിലും ഏഴ് ടൗണുകളിലും കിട്ടി. ഇനി ഇപ്പോൾ അടുത്തതായിട്ട് ഇൻസ്റ്റലേഷനാണ്. ഇൻഡ്യയിലെല്ലാംതന്നെ കൂടുതൽ ജില്ലകളും കൂടുതൽ ടൗണുകളും കൊടുക്കുന്നതിനുള്ള പദ്ധതി സെൻട്രൽ ഗവൺമെന്റിനുണ്ട്. അതിന് അപേക്ഷിക്കുന്നതിനുള്ള പ്ലാനൊക്കെ നമ്മൾ തയ്യാറാക്കിയിട്ടുണ്ട്. അതിനു വരുന്ന പണം അതിനുതന്നെ വിനിയോഗിക്കണമെന്ന് നിർബന്ധമുണ്ട്. ആ പണം ഇവിടെ വരുമ്പോൾ അതിന്റെ ഓരോ സ്ഥലത്തുമുള്ള എത്ര മീറ്ററുകളാണ് മാറ്റേണ്ടത് എന്നുള്ളതെല്ലാം കൃത്യമായി കണക്കെടുത്ത് അതനുസരിച്ച് നമ്മളത് മാറ്റി. അത് അവരുടെ പണം കൊടുത്ത് റീ-ഇമ്പേഴ്സ് ചെയ്ത് വാങ്ങും. അതിനൊന്നും ഒരു കുഴപ്പവും ഉപേക്ഷയും കാണിച്ചിട്ടില്ല, കാണിക്കുകയുമില്ല. ആ പണം കൂട്ടുകയുമില്ല. അതുകൊണ്ട് പണം കിട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ ഇത് കൃത്യമായി ചെയ്തു കൊണ്ടിരിക്കുന്നു എന്നുള്ളതിന് തെളിവാണ്. കൂടുതൽ സൂക്ഷ്മതയോടുകൂടി ഇത് നടപ്പാക്കുന്നതിനു മാത്രം പ്രത്യേകമായിട്ടുള്ള ഓഫീസറൻമാരെ മോണിറ്റർ ചെയ്യാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മന്ത്രിതലത്തിൽത്തന്നെ ഇത് ഓരോ മാസത്തിലും ചിലപ്പോൾ രണ്ടാഴ്ചയിൽ ഒരിക്കലും എന്തുമാത്രം പുരോഗതി, ടെൻഡർ സാധനം വന്നോ എന്ന് സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. കാരണം 381 കോടിരൂപ ഇപ്പോൾ കിട്ടുന്നതിനും അടുത്ത കൊല്ലം ഇതിൽക്കൂടുതൽ പദ്ധതികൾ കിട്ടുന്നതിനും സെൻട്രൽ ഗവൺമെന്റിനു വേണ്ടിയുള്ള പദ്ധതിയുണ്ട്. അത് വളരെ സൂക്ഷ്മമായി നിരീക്ഷിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രസരണ-വിതരണ നഷ്ടം 29.99 ശതമാനമാണെന്ന് അങ്ങ് പറഞ്ഞു. മുപ്പതു ശതമാനത്തോളം ഏകദേശമുണ്ട്. അത് കുറച്ചു കൊണ്ടു വരുവാനുള്ള പദ്ധതിയാണ് അങ്ങ് ഇവിടെ വിശദീകരിച്ചത്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ കണ്ടതായിട്ടുള്ള ശതമാനം കൂടിയതിന്റെ കാരണം ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. കേന്ദ്ര വിഹിതം നമുക്ക് കിട്ടുന്നതിലേക്ക് അത് കൊണ്ടുവരുന്ന ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ, അതിന്റെ ഫലമായി നമുക്കുണ്ടാകുന്ന നഷ്ടം അത് നോക്കിയിട്ടുണ്ടോ ; കേന്ദ്ര ഗവൺമെന്റിനോട് വല്ല ആവശ്യവും ഉന്നയിക്കുന്നുണ്ടോ ? കേന്ദ്ര ഗവൺമെന്റ് അത് അനുവദിച്ചു തരുന്നുണ്ടോ ? ഇപ്പോൾത്തന്നെ നമുക്ക് ഒന്നൊന്നായി വലിയ ശതമാനം നഷ്ടമുണ്ടായിട്ടുണ്ട്.

ശ്രീ. കടവൂർ ശിവദാസൻ : പ്രസരണ നഷ്ടം മെയിനായിട്ട് ലോംഗ് കണ്ടക്ടറിൽക്കൂടി വരുന്നതാണ്. ആ ലൈനിൽ വരുന്ന പ്രസരണ നഷ്ടത്തിന് വലിയ ഒരു നഷ്ട പരിഹാരം നമുക്ക് കിട്ടുകയില്ല. സാധാരണയായി നമ്മുടെ പ്രസരണ നഷ്ടം ആ വരുന്നതിലല്ല വരുന്നത്. 400 കെ.വി.ലൈനിൽ വരുന്നതുകൊണ്ട് താരതമ്യേന കുറവാണ്. നമ്മുടെ ഇടുക്കിയിൽനിന്നും 350 കിലോമീറ്റർ അകലെ കനാലുകളിൽനിന്നും നമ്മുടെ സബ് സ്റ്റേഷനുകളിൽ എത്തുമ്പോൾ ഉള്ള ദൂരം കുറച്ചു കൂടും. അതാണ് പ്രധാനമായും ഉണ്ടാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 2001-2002 ലെ സി ആന്റ് എ.ജി. റിപ്പോർട്ടിൽ കമേഴ്സ്യലിൽ 1999-2000-ൽ 17 ശതമാനം. 2000-2001 ൽ 17 ശതമാനം. 2001-2002-ൽ ലോസ് 33 ശതമാനം എന്നാണ് കാണിച്ചിട്ടുള്ളത്. അത് തെറ്റാണ്. പി.യു.സി.തന്നെ ഇത് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഏതായാലും കേന്ദ്ര ഗവൺമെന്റ് ഈ ട്രാൻസ്മിഷൻ ലോസ് കുറയ്ക്കുന്നതിനാണ് ശ്രമിക്കുന്നത്. അവരുടെ കണ്ടിഷൻ കുറയ്ക്കണമെന്നാണ്. സി ആന്റ് എ.ജി റിപ്പോർട്ടാണ് ഇതിന് അവലംബിക്കുന്നത്. അതുകൊണ്ട് സി ആന്റ് എ.ജി.യെ കൊണ്ടുതന്നെ ഇത് തിരുത്തുവാനുള്ള നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കടവൂർ ശിവദാസൻ : അവരുടെ റിപ്പോർട്ട് നമ്മൾ ചൂണ്ടിക്കാണിക്കേണ്ടതല്ല. 17 ശതമാനം എങ്ങനെ വന്നുവെന്ന് സി ആന്റ് എ.ജി. തന്നെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കാരണം ഇലക്ട്രിസിറ്റി ബോർഡ് കണക്ക് കൊടുത്തപ്പോൾ അവർ അതിൽ എഴുതി വച്ചിരിക്കുന്നത് കൃത്യമായ കണക്കല്ല. ഉദാഹരണമായി ഒരു വീട്ടിൽ 60 വാൾട്ടിന്റെ പത്ത് ബൾബുണ്ടാകും, നാല് ഫാൻ ഉണ്ടാകും, ഒരു എ.സി. ഉണ്ടാകും. ഇതൊക്കെ നമ്മുടെയെല്ലാം വീടുകളിൽ കാണും. കണക്ടഡ് ലോഡ് 24 മണിക്കൂറും ഉപയോഗിച്ചു എന്നും വരാം, ഉപയോഗിച്ചില്ല എന്നും വരാം. ഇവിടെ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്, കണക്ടഡ് ലോഡ് ആദ്യമേ അങ്ങ് തീരുമാനിക്കും. ഇക്കൊല്ലം 17 ശതമാനം പ്രസരണ നഷ്ടം വേണം. അപ്പോൾ ആകെ ഈ കണക്ടഡ് ലോഡ് എല്ലാംകൂടി ഉപയോഗിച്ചാൽ എത്രവരുമെന്ന് കണക്കാക്കും. കണക്കാക്കിയിട്ട് 17 ശതമാനം പ്രസരണ നഷ്ടമുണ്ടാക്കുന്നതിന് എത്ര ശതമാനം കുറയ്ക്കണമെന്ന് കണക്ക് പറയും. ഒരു സാങ്കൽപ്പിക കണക്കാണ്. ഇത് അവരെ ബോദ്ധ്യപ്പെടുത്തേണ്ടതല്ല. ഇത് ആക്ച്വൽസല്ല, സാങ്കൽപ്പികമാണെന്ന് അവർതന്നെ ഇങ്ങോട്ടു പറഞ്ഞു. ഇത് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിലാണ്. സി ആന്റ് എ.ജി. പറഞ്ഞു ഇത് ഒരിക്കലും ശരിയാകുകയില്ല. ശ്രീമാൻ ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ, ഒരുപക്ഷേ അദ്ദേഹം ഉൾപ്പെട്ട കമ്മിറ്റി 2002-ൽ വീണ്ടും എഴുതിത്തന്നു. അങ്ങനെയാണ് ഞങ്ങൾ ഇതെല്ലാം മാറ്റി ആക്ച്വൽസ് എടുത്തത്. പക്ഷേ അവർ റിപ്പോർട്ട് എഴുതിയപ്പോൾ അവർതന്നെ ചൂണ്ടിക്കാണിച്ച കാര്യം അവർ മറന്നുപോയി. എന്നിട്ട് 17 ശതമാനമെന്ന് അവർ ആത്യന്തികമായി എഴുതി. അതുകൊണ്ട് അത് മാറ്റണമെന്ന് ഞങ്ങൾ വീണ്ടും ശക്തിയായി എഴുതുകയും ആവശ്യമായ ഓഫീസറൻമാരെവെച്ച് കറക്ട് ചെയ്യുന്നതിനു വേണ്ട നടപടികൾ എടുക്കുകയും ചെയ്യും.

(ചോദ്യോത്തര സമയം കഴിഞ്ഞു)